"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനിയറിംഗ് വിഭാഗം - കൊച്ചി കോർപ്പറേഷൻ- ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചതിലെ ക്രമക്കേട്- ഉദ്യോഗസ്ഥർക്കെതിരായ അച്ചടക്കനടപടി -1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 (2) പ്രകാരമുള്ള ഔപചാരിക അന്വേഷണം - അന്വേഷണ ഉദ്യോഗസ്ഥയെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1354/2025/LSGD തീയതി,തിരുവനന്തപുരം, 02-06-2025

---

പരാമർശം:-

1. വിജിലൻസ് (എഫ്) വകുപ്പിൽ നിന്നുള്ള 16.10.2023-ലെ വിജി-എഫ്2/415/2023-വിജി നമ്പർ കുറിപ്പ്.
2. വിജിലൻസ് ഡയറക്ടറുടെ 27.05.2023-ലെ E10-(SC-117/2022/EKM) 39514/2022/DVACB നമ്പർ കത്ത്.
3. 01.12.2023-ലെ 309/ഇഡബ്ല്യൂഎ3/2023/തസ്വഭവ നം. കുറ്റപത്രം/കുറ്റാരോപണ പത്രിക.
4. 11.01.2024 ൽ ശ്രീമതി.ജീവമോൾ.വി.ജെ, 03.05.2024-ൽ ശ്രീമതി.സൗമ്യ.വി.എസ് എന്നിവർ സമർപ്പിച്ച പ്രതിവാദപത്രിക.
5. 11.04.2025-ലെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/69051/2023-VIGC4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാതിയുടെ അടിസ്ഥാനത്തിൽ കൊച്ചി കോർപ്പറേഷൻ ഓഫീസിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളിൽ ലഭ്യമായ പരാമർശം 2 പ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പിലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കാൻ തീരുമാനിക്കുകയും അതനുസരിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി സൗമ്യ വി.എസ്.,ബിൽഡിംഗ് ഇൻസ്പെക്ടർ ശ്രീമതി ജീവമോൾ വി.ജെ. എന്നിവർക്കെതിരെ പരാമർശം 3 പ്രകാരം കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവ ലഭ്യമാക്കുകയും ചെയ്തിരുന്നു. കുറ്റാരോപിതർ പരാമർശം 4 പ്രകാരം സമർപ്പിച്ച പ്രതിവാദപത്രികയിൽ ആരോപണങ്ങൾ നിഷേധിച്ചിട്ടുണ്ട്.

2. മേൽ സാഹചര്യത്തിൽ, കൊച്ചി കോർപ്പറേഷൻ ഓഫീസിൽ വിജിലൻസ് കണ്ടെത്തിയ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് കുറ്റാരോപിതരായ മേൽപ്പറഞ്ഞ ഉദ്യോഗസ്ഥർക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പിലും) ചട്ടങ്ങളിലെ ചട്ടം

15(2) പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിനായി ശ്രീമതി സുജ A.M. (PEN:512212),അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, എറണാകുളം ജില്ലാ പഞ്ചായത്ത് -നെ ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥയായി നിയോഗിച്ച് ഉത്തരവാകുന്നു.

3. ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥ ഔപചാരിക അന്വേഷണത്തിന്റെ എല്ലാ നടപടി ക്രമങ്ങളും പാലിച്ച് ഒരു മാസത്തിനുള്ളിൽ സർക്കാറിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLY
അണ്ടർ സെക്രട്ടറി

1. ശ്രീമതി.സുജ.എ.എം(PEN:512212), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, എറണാകുളം ഡിസ്ട്രിക്ട് പഞ്ചായത്ത്) **(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം).**
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. ശ്രീമതി ജീവമോൾ വി.ജെ, ബിൽഡിംഗ് ഇൻസ്പെക്ടർ, കളമശ്ശേരി മുനിസിപ്പാലിറ്റി**(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം).**
4. ശ്രീമതി സൗമ്യ വി.എസ്.,അസി.എഞ്ചിനിയർ, തലയോലപ്പറമ്പ് GP, കോട്ടയം**(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം).**
5. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
6. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തൃശ്ശൂർ.
7. വെബ് & ന്യൂ മീഡിയ,വിവര പൊതുജനസമ്പർക്ക വകുപ്പ്.
8. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Asha. R
സെക്ഷൻ ഓഫീസർ
Date: 02-06-2025 10:50:03